**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

21-04-2025

# സഭയെയും സമൂഹത്തെയും പ്രപഞ്ചത്തെയും ഹൃദയത്തോട് ചേർത്ത് വച്ച വലിയ ഇടയന് പ്രണാമം

കൊച്ചി: കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന വലിയ പദവിയോടൊപ്പം ഏവർക്കും സ്വീകാര്യനായ പകരക്കാരനില്ലാത്ത ഒരു ലോക നേതാവ് എന്ന സവിശേഷമായ സ്ഥാനം അലങ്കരിച്ച പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പാപ്പ എന്നറിയപ്പെട്ട പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ കാലംചെയ്തത് ഏറെ വേദനയോടെയാണ് ലോകം ശ്രവിച്ചത്. അടിച്ചമർത്തപ്പെട്ടവർക്കും ആലംബഹീനർക്കും വേദനിക്കുന്നവർക്കും വേണ്ടി നിരന്തരം ശബ്ദമുയർത്തിയ സമുന്നതായ ആത്മീയാചാര്യനായിരുന്നു പരിശുദ്ധ പിതാവ്. ആഗോള കത്തോലിക്കാ സഭയുടെ മാത്രമല്ല, ശബ്ദമില്ലാത്തവരുടെ മുഴുവൻ ശബ്ദമായി ഫ്രാൻസിസ് പാപ്പ മാറി. കത്തോലിക്കാസഭ എക്കാലവും ഉയർത്തിപ്പിടിച്ചിട്ടുള്ള ധാർമ്മിക മൂല്യങ്ങൾക്കും മാനവികതയ്ക്കും പ്രബോധനങ്ങൾക്കും വലിയ പരിഗണന നൽകിയതിനൊപ്പം, ലോകസമാധാനത്തിനും ശാന്തിക്കും മതസൗഹാർദ്ദത്തിനും സാമൂഹിക ഐക്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ശാസ്ത്രമുന്നേറ്റങ്ങൾക്കും കാലാനുസൃത പിന്തുണ നൽകുകയും മനുഷ്യനും ജീവജാലങ്ങളും പരിസ്ഥിതിയും നേരിടുന്ന വെല്ലുവിളികൾ പ്രവാചക ധീരതയോടെ ലോകത്തിന് മുന്നിൽ ഫ്രാൻസിസ് മാർപാപ്പ ഉയർത്തിക്കാണിക്കുകയും ചെയ്തു.

വാക്കുകൾകൊണ്ടും മാതൃകകൊണ്ടും പ്രവൃത്തികൊണ്ടും ലോകത്തെ മുഴുവൻ പ്രചോദിപ്പിച്ച അതുല്യ പ്രഭാവവാനായ വ്യക്തിത്വമാണ് നമ്മിൽനിന്ന് വിടവാങ്ങിയിരിക്കുന്നത്. മതങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഭാഷകൾക്കും അതീതമായി എല്ലാവരെയും സ്നേഹിച്ച, ഏവരും സ്നേഹിക്കുകയും കരുണയുടെ പ്രതിരൂപമായി മാറുകയും ചെയ്ത ഫ്രാൻസിസ് പാപ്പയുടെ വിയോഗം ഈ ലോകത്തിന് മുഴുവനും പ്രത്യേകിച്ച് കത്തോലിക്കാസഭയ്ക്കും വലിയ നഷ്ടമാണ്. എളിമയുടെയും സ്നേഹത്തിന്റെയും മാതൃകയായി എക്കാലവും ഈ ലോകത്തിനു മുന്നിൽ ആ മാതൃക ജ്വലിച്ചു നിൽക്കുമെന്നതിൽ സംശയമില്ല. വിശുദ്ധ പത്രോസിന്റെ ശ്ലൈഹീക ശുശ്രൂഷ തന്റെ അവസാന നിമിഷംവരെ സധൈര്യം നിർവ്വഹിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പരിശുദ്ധ പിതാവ് ഒരു ദീപ്ത സ്മരണയായി എന്നും നിറഞ്ഞു നിൽക്കും.

കേരള കത്തോലിക്കാസഭയെ എക്കാലവും നെഞ്ചോടു ചേർത്ത വലിയ ഇടയന് ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം മാർപാപ്പയുടെ വിയോഗത്തിൽ കേരള കത്തോലിക്കാ സഭയുടെ തീവ്രമായ ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു.

***പരിശുദ്ധ പിതാവിന്റെ വിയോഗത്തിൽ കേരള കത്തോലിക്കാസഭ ഒൻപത് ദിവസം ദു:ഖാചരണം നടത്തുന്നു. കേരള കത്തോലിക്കാ സഭയിലെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും 2025 ഏപ്രിൽ 27 ഞായറാഴ്ചയോ അന്നേദിവസം അസൗകര്യമുള്ളവർ മറ്റൊരുദിവസമോ പരിശുദ്ധ പിതാവിന് വേണ്ടി വിശുദ്ധ കുർബ്ബാന അർപ്പിച്ച് പ്രാർത്ഥന നടത്തേണ്ടതാണെന്ന് കേരള കത്തോലിക്കാ സഭയ്ക്കുവേണ്ടി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, വൈസ് പ്രസിഡന്റ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ജനറൽ ഡോ. അലക്സ് വടക്കുംതല എന്നിവർ അറിയിച്ചു.***

+Baselios Cleemis

✠ **കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി &
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House
Pattom, Trivandrum 695 004
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. THOMAS THARAYIL
POC, PB No. 2251
Palarivattom, Kochi-682 025
Ph: 0484-2805815
2805722
Email:frthomastharayil@gmail.com